# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

Phone No: 0484 2369011, 2369007
2369196, 2369143, 2369197
E-mail: *kochicorpsecretary@gmail.com*
Website: *https://kochicorporation.lsgkerala.gov.in*

near Abdulkalam Marg
Marine Drive
Ernakulam North P.O, Kochi - 682018
GSTIN: 32AAALC1079K2ZB

നം. എം.ഒ.ആർ.4–6056420/25 തീയതി: 20-05-2026

## റീടെണ്ടർ/ ഓഫർ നോട്ടീസ്

## 2026–27

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് മാർക്കറ്റുകൾ, ലാന്റിംഗ് പ്ലേസുകൾ, ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം എടുക്കൽ, കച്ചേരിപ്പടി ടർഫ് പ്ലേഗ്രൌണ്ട് (ബഹു. കൌൺസിൽ തീരുമാന പ്രകാരം ഒരു മണിക്കൂറിൽ പരമാവധി 500/- രൂപ മാത്രമേ ഈടാക്കുവാൻ സാധിക്കൂ എന്ന നിബന്ധനയോടെ) മുതലായ വകകളിൽ നിന്നും 01.06.2026 മുതൽ 31.03.2027 വരെയുള്ള കാലയളവിലേയ്ക്ക് നിലവിലുള്ള അവസ്ഥയിലും സാഹചര്യങ്ങളിലും 2026–27 സാമ്പത്തിക വർഷം ഫീസ് പിരിവ് നടത്തുന്നതിനും ആദായം അനുഭവിക്കുന്നതിനുമുള്ള അവകാശം അനുവദിച്ച് ലഭിക്കുന്നതിന് ബഹു. നഗരസഭ മേയറുടെ മുൻകൂർ അനുമതി പ്രകാരം അംഗീകരിച്ച റീടെണ്ടർ/ഓഫർ നിബന്ധനകൾക്ക് വിധേയമായി നിശ്ചിത ഫോറത്തിൽ മുദ്ര വച്ച റീടെണ്ടറുകൾ/ഓഫറുകൾ ക്ഷണിച്ചുകൊള്ളുന്നു. റീടെണ്ടർ ഫോറം, നിബന്ധനകൾ എന്നിവ 23.05.2026 തീയതി മുതൽ **30.05.2026 12:00 പി.എം**. വരെ എറണാകുളം മെയിൻ ഓഫീസ് റവന്യു വിഭാഗത്തിൽ നിന്നും, നഗരസഭയുടെ എല്ലാ സോണൽ ഓഫീസുകളിൽ നിന്നും റീടെണ്ടർ ഇനങ്ങളുടെ നിരക്കിന് അനുസൃതമായ തുകയ്ക്ക് ലഭിക്കുന്നതാണ്. റീടെണ്ടർ/ഓഫർ എന്നിവ സമർപ്പിക്കുന്ന വ്യക്തി ഒപ്പിട്ട നിബന്ധനകൾ കൂടി സമർപ്പിക്കേണ്ടതാണ്. റീടെണ്ടർ/ഓഫർ എന്നിവയോടൊപ്പം ടെണ്ടർ നിബന്ധനപ്രകാരമുള്ള തുക നിരതദ്രവ്യമായി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ ബാങ്കിൽ നിന്നെടുത്ത **ഡിമാന്റ് ഡ്രാഫ്റ്റ്** അടക്കം ചെയ്യേണ്ടതാണ് (**ഡിമാന്റ് ഡ്രാഫ്റ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ)** കൊച്ചി നഗരസഭയുടെ കിഴക്കൻ മേഖലയുടെ (മെയിൻ ഓഫീസ്, ഇടപ്പള്ളി, വൈറ്റില, പച്ചാളം) പരിധിയിൽ വരുന്ന ടെണ്ടറുകൾ എറണാകുളം മെയിൻ ഓഫീസ് റവന്യു വിഭാഗത്തിലും, പശ്ചിമ മേഖലയുടെ (മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി, പള്ളുരുത്തി) പരിധിയിൽ വരുന്ന

ടെണ്ടറുകൾ മെയിൻ ഓഫീസ് റവന്യു വിഭാഗത്തിലും, അതാതു സോണൽ ഓഫീസുകളിലും **23.05.2026 തീയതി മുതൽ 30.05.2026 01:00 പി.എം**. വരെ സ്വീകരിക്കുന്നതായിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിയമാനുസൃത തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. ടെണ്ടർ തീയതി ഏതെങ്കിലും കാരണവശാൽ പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയക്രമത്തിൽ ടെണ്ടർ നടത്തുന്നതാണ്. നിലവിൽ കുത്തക ഇനം ലൈസൻസ് ഏറ്റെടുത്ത് കുടിശ്ശികയുള്ള വ്യക്തികൾക്ക് ടെണ്ടറിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ല. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ റവന്യു വിഭാത്തിൽ നിന്നും അറിയാവുന്നതാണ്.

| | |
|---|---|
| ഫോൺ നമ്പർ | : 0484-2369007 |
| വെബ്സൈറ്റ് | : www.kochicorporation.lsgkerala.gov.in |
| ടെണ്ടർ തീയതി | : 23.05.2026 |
| ടെണ്ടർ തുറന്ന് പരിശോധിക്കുന്ന സമയം | : **30.05.2026, 02.00 PM** |
| ടെണ്ടർ തുറന്ന് പരിശോധിക്കുന്ന സ്ഥലം | : നഗരസഭ കൗൺസിൽ ഹാൾ |
| ടെണ്ടർ സ്വീകരിക്കുന്നത് | : **30.05.2026, 01:00 പി.എം.** |
| ടെണ്ടർ ഫോറം ലഭിക്കുന്നത് | : 23.05.2026 മുതൽ 30.05.2026 12:00 പി.എം. വരെ |

## റീ ടെണ്ടർ ഇനങ്ങളുടെ ലിസ്റ്റ്

| ക്രമ നം. | ഇന വിവരം | നിരതദ്രവ്യം | കാലയളവ് |
|---|---|---|---|
| 1 | കച്ചേരിപ്പടി ടർഫ് പ്ലേ ഗ്രൌണ്ട് | 7000/- | 01.06.2026 മുതൽ 31.03.2027 വരെ |

## ഓഫർ ക്ഷണിക്കുന്ന ഇനങ്ങളുടെ ലിസ്റ്റ്

| ക്രമ നം. | ഇന വിവരം | നിരതദ്രവ്യം | കാലയളവ് |
|---|---|---|---|
| | **പബ്ലിക്ക് മാർക്കറ്റുകൾ** | | |
| 1 | പച്ചാളം മാർക്കറ്റ് ഫീസ് പിരിവ് (നിബന്ധനകൾക്ക് വിധേയം) | 1,000/- | 01.06.2026 മുതൽ 31.03.2027 വരെ |
| | **ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കൽ** | | |
| 2 | സുഭാഷ് പാർക്കിലെ പലവൃക്ഷങ്ങളിൽ നിന്നും മേലാദായം, നഗരസഭ മെയിൻ ഓഫീസിലെ കാന്റീനിനു സമീപമുള്ള ഒരു തെങ്ങിന്റെ മേലാദായം എടുക്കൽ | 500/- | 01.06.2026 മുതൽ 31.03.2027 വരെ |
| 3 | പുല്ലേപ്പടി ശ്മശാനത്തിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ | 250/- | 01.06.2026 മുതൽ 31.03.2027 വരെ |
| | **ബി പട്ടിക** | | |
| | **കൊച്ചി നഗരസഭ പശ്ചിമ മേഖലയിലെ ഇനങ്ങൾ** | | |
| | **മാർക്കറ്റുകൾ** | | |
| 4 | കൂവപ്പാടം മാർക്കറ്റ് | 2,000/- | 01.06.2026 മുതൽ 31.03.2027 വരെ |
| | **ടോയിലറ്റ് കോംപ്ലക്സ്** | | |
| 5 | പള്ളുരുത്തി താലൂക്ക് പോസ്പിറ്റൽ ടോയിലറ്റ് കോംപ്ലക്സ് | 1,000/- | |
| | **ലാന്റിംഗ് പ്ലേസുകൾ (പശ്ചിമ കൊച്ചി മേഖല)** | | |
| 6 | അൽബുക്കർക്ക് ജെട്ടി ലാന്റിംഗ് പ്ലേസ് | 2,500/- | 01.06.2026 മുതൽ 31.03.2027 വരെ |
| 7 | മട്ടാഞ്ചേരി വെജിറ്റബിൾ മാർക്കറ്റ് ലാന്റിംഗ് പ്ലേസ് | 2,500/- | 01.06.2026 മുതൽ 31.03.2027 വരെ |
| 8 | വലിയകുളം ഫിഷ് ലാൻറിംഗ് സെൻറർ | 1,000/- | |
| | **ഫവല്യക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കൽ (പശ്ചിമ കൊച്ചി മേഖല)** | | |
| 9 | കൂവപ്പാടം മാർക്കറ്റ് കോമ്പൗണ്ട് ശ്മശാനം, ടൗൺഹാൾ കോമ്പൗണ്ട് എന്നിവിടങ്ങളിലെ പലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കൽ | 250/- | 01.06.2026 മുതൽ 31.03.2027 വരെ |
| 10 | ചുള്ളിക്കൽ ലൈബ്രറി വളപ്പിലെ ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കൽ | 250/- | 01.06.2026 മുതൽ 31.03.2027 വരെ |

| | | | |
|---|---|---|---|
| 11 | ഫോർട്ടുകൊച്ചി സോണൽ ഓഫീസ്, കുട്ടികളുടെ പാർക്ക് പരിസരത്തെ ഫലവൃക്ഷങ്ങളിലെ ആദായം എടുക്കൽ | 250/- | 01.06.2026 മുതൽ 31.03.2027 വരെ |
| 12 | കൂവപ്പാടം ശ്മശാനത്തിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ | 250/- | 01.06.2026 മുതൽ 31.03.2027 വരെ |
| 13 | ഫോർട്ടുകൊച്ചി വെളി ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ | 250/- | 01.06.2026 മുതൽ 31.03.2027 വരെ |

OFFICE OF THE KOCHI MUNICIPAL CORPORATION ERNAKULAM, COCHIN-11

(ഒപ്പ്)
**സെക്രട്ടറി**
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ